**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2355** **21-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങൾവഴി നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന സേവനങ്ങൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പാക്കുന്നത്; ഇല്ലെങ്കിൽ ഇത്തരം സേവനങ്ങൾ സീനിയോരിറ്റി പ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന സേവനങ്ങൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പാക്കുന്നത്. നഗരസഭകളിൽ വിന്യസിച്ചിട്ടുള്ള കെ സ്മാർട്ട് സോഫ്റ്റ് വെയർ, ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ എന്നിവയിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പാക്കുന്നത്.** |
| (ബി) | ഓൺലൈൻ സേവനങ്ങൾക്കായി നൽകിയ വിവിധ അപേക്ഷകൾ നിസാര കാരണങ്ങൾ കൊണ്ട് യഥാസമയം അപേക്ഷകരെ വിവരം അറിയിക്കാതെ തദ്ദേശസ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകളിൽ അപാകതകൾ ഉള്ള പക്ഷം ആയത് അപേക്ഷകരെ അറിയിക്കാറുണ്ട്.** |
| (സി) | ഓൺലൈൻ സൗകര്യമില്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സീനിയോരിറ്റി പ്രകാരം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇല്ല. എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറും നഗരസഭകളിൽ കെ സ്മാർട്ട് സോഫ്റ്റ് വെയറും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഇ ഓഫീസ് മുഖേനയും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ